LIBRARY ARCHIVES Kerala Legislative Assembly

വനാവരണത്തുടർച്ച നഷ്ടപ്പെടുന്നതും വന്യജീവി വംശനാശവും

*9 [421] ശ്രീ. പിരപ്പൻകോട് മുരളി :
,, എം. വി. ജയരാജൻ :
,, കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനാവരണത്തുടർച്ച നഷ്ടപ്പെടുന്നത് വനങ്ങളുടെയും ജീവജാലങ്ങളുടെയും പുനരുദ്ധാരണത്തെ ഏതെല്ലാംവിധം ബാധിക്കുമെന്നതിനെ കുറിച്ച് വനം വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ;

(ബി) വന്യജീവികളുടെ പ്രദേശിക വംശനാശത്തിനിടയാകുന്ന വനാവരണ തുടർച്ച ഇല്ലാതാകൽ പരിഹരിക്കാൻ എന്തെങ്കിലും കർമ്മ പരിപാടി വിഭാവന ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വന്യജീവി ദേശാടനത്തിന് വിഘാതം സൃഷ്ടിച്ചിട്ടുള്ള സ്ഥലങ്ങൾ എതെല്ലാമാണ്; ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തിനായി ഇക്കാര്യത്തിൽ എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. പ്രോജക്ട് എലിഫന്റ് പദ്ധതിയുടെ അടിസ്ഥാനത്തിൽ വിവിധ കർമ്മ പരിപാടികൾ നടപ്പിലാക്കിവരുന്നു. വിവിധ സംരക്ഷണ മേഖലകളെ യുക്തിസഹമായി വിലയിരുത്തുകയും, സംസ്ഥാനത്തൊട്ടാകെ ജൈവ സംരക്ഷണത്തിനായി സമഗ്രമായ തന്ത്രവും കർമ്മ പദ്ധതിയും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിശാല ഭൂപ്രദേശം അടിസ്ഥാനമാക്കി ജൈവവൈവിധ്യ പരിപാലനം ആസൂത്രണം ചെയ്യുന്ന നടപടി പുരോഗമിക്കുന്നു.

(സി) വന്യജീവികളുടെ ദേശാടനത്തെ സംബന്ധിച്ച് വിശദമായ പഠനം വനം വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ ആനകളുടെ സഞ്ചാര പാതയ്ക്ക് വിഘാതമായ സ്ഥലങ്ങൾ വയനാട്, കണ്ണൂർ, പാലക്കാട്, ഇടുക്കി ജില്ലകളിൽ കണ്ടെത്തിയിട്ടുണ്ട്. പെരിയ, പക്രംതാളം, ബ്രഹ്മഗിരി-തിരുനെല്ലി പ്രദേശം, പള്ളിവയൽ-തട്ടൂർ പ്രദേശം മുതലായവ അതിൽപ്പെടുന്നു.

ഇതിനു പരിഹാരമായി പ്രോജക്റ്റ് എലിഫന്റ് പദ്ധതി പ്രകാരം പ്രായോഗിക മായ സ്ഥലങ്ങളിൽ സ്വകാര്യ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ ചെയ്തുവരുന്നു.

(ഡി) ഉണ്ട്. 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ആന സംരക്ഷണ പദ്ധതിയിൽ' ഉൾപ്പെടുത്തി 2004-05 വർഷത്തിൽ സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനായി 145 ലക്ഷം രൂപ സാമ്പത്തിക സഹായം ആവശ്യമായിവരുന്ന പദ്ധതി കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ജൈവ വൈവിധ്യ സംരക്ഷണ ഗ്രാമീണ ജീവനോപാധി സംവർദ്ധിത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥന സർക്കാർ രണ്ട് ഭൂപ്രദേശങ്ങൾ ശുപാർശ ചെയ്തിട്ടുണ്ട്.

റിമോട്ട് സെൻസിംഗ് ടെക്നിക്

*10 [422] ശ്രീമതി ശോഭനാ ജോർജ്:
„ രാധാ രാഘവൻ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. എ.ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ വനത്തിന്റെ അന്തർഭാഗങ്ങളിൽ നടത്തപ്പെടുന്ന കഞ്ചാവ് കൃഷി കണ്ടുപിടിക്കുവാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ വർഷം വനാന്തർഭാഗത്ത് നടത്തിയ എത്ര ഹെക്ടർ കഞ്ചാവ് കൃഷി നശിപ്പിക്കുവാൻ കഴിഞ്ഞു;

(സി) വനാന്തർഭാഗത്തെ കഞ്ചാവ് കൃഷി കണ്ടെത്തുന്നതിന് റിമോട്ട് സെൻസിംഗ് ടെക്നിക് സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) വനപാലകർ വനാന്തരങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തി കഞ്ചാവു കൃഷിചെയ്യുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് കഞ്ചാവുകൃഷി നശിപ്പിക്കുക, കഞ്ചാവുകൃഷി നടത്തുന്ന സ്ഥലങ്ങളെപ്പറ്റി രഹസ്യവിവരം ശേഖരിച്ച് കണ്ടുപിടിക്കുക തുടങ്ങിയ മാർഗ്ഗങ്ങളാണ് നിലവിലുള്ളത്.

(ബി) ഏകദേശം 150 ഹെക്ടറിലെ 399000 കഞ്ചാവുചെടികൾ നശിപ്പിക്കുവാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly